FRIDAY SERMON / **വെള്ളിയാഴ്ച ഖുത്തുബ** 21/10/2016
(19 Muharram 1438 Hijri)
Hazrat Khalifathullah Munir Ahmad Azim (A)

# വിവാഹമോചനം / Divorce

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ് തഅവ്വദ് സൂറ അൽഫാതിഹഓതിയ ശേഷം വിവാഹ മോചനം എന്ന വിഷയത്തെ ആസ്പദമാക്കി സംസാരിക്കുകയുണ്ടായി.

**എന്നിട്ടും അവർ രണ്ടുപേർക്കുമിടയിൽ പിളർപ്പുണ്ടാകുമെന്ന് നിങ്ങൾ (സമൂഹം) ഭയപ്പെടുന്ന പക്ഷം അവന്റെ ബന്ധുക്കളിൽ നിന്ന് ഒരു മധ്യസ്ഥനെയും അവളുടെ ബന്ധുക്കളിൽ നിന്ന് ഒരു മധ്യസ്ഥനെയും നിങ്ങൾ നിശ്ചയിക്കുക. അവർ രണ്ടുപേരും (മധ്യസ്ഥന്മാർ) രഞ്ജിപ്പുണ്ടാക്കണമെന്ന് ഉദ്ദേശിക്കുന്നതായാൽ അല്ലാഹു അവർ രണ്ട് പേർ (ഭാര്യാ ഭർത്താക്കന്മാർ) ക്കുമിടയിൽ യോജിപ്പുണ്ടാക്കുന്നതാണ്. തീർച്ചയായും അല്ലാഹു എല്ലാം അറിയുന്നവനും സൂക്ഷ്മജ്ഞനുമാകുന്നു.** 4: 36

ഇന്നത്തെ എന്റെ വെള്ളിയാഴ്ച ഖുത്തുബ വിവാഹമോചനം എന്ന വിഷയത്തെ ആസ്പദമാക്കിയാണ്.ഇസ്ലാം വിവാഹത്തിന് വളരെ വലിയ പ്രാധാന്യം നല്കുന്നു. വിവാഹം പരിപാപനമായ ഒരു ഉടമ്പടിയായി അത് കണക്കാക്കുന്നു.അതുകൊണ്ട് തന്നെ നിസ്സാരങ്ങളായ,കഴമ്പില്ലാത്ത കാരണങ്ങളാൽ വിവാഹമോചനം നടത്തുവാനും അത് അനുവാദം നല്കുന്നില്ല.

എന്നിരുന്നാലും വിവാഹമോചനം അനുവദിക്കുന്നു.അനുവദിക്കപ്പെട്ടിരിക്കുന്ന കാര്യങ്ങളിൽ ഏറ്റവും വെറുക്കപ്പെട്ട കാര്യമാണ് വിവാഹമോചനം.അല്ലാഹു (ത) ഏറ്റവും വെറുപ്പോടെയാണ് ഇതിനെ കാണുന്നത്.ആയതിനാൽ വിവാഹമോചനം അനുവദിക്കപ്പെട്ടിരിക്കുന്നത് അനീതിയുടെ ഒരു ലാഞ്ജനപോലും അതിൽ ഉണ്ടാകരുത് എന്ന നിലയിലുമാണ്.വിവാഹമോചനത്തിന്റെ പേരിൽ കപട നാടകം നടത്തുവാൻ ഇസ്ലാം ഒരു രീതിയിലും അനുവദിക്കുന്നില്ല. വിവാഹമോചനം സംഭവിക്കുന്നത് ചിലപ്പോൾ ഭാര്യയുടെ ചില പ്രത്യേക പെരുമാറ്റങ്ങൾ ഭർത്താവ് ഇഷ്ടപ്പെടാത്തതുകൊണ്ടാകാം. അവളെ ഒഴിവാക്കുവാൻ അവൻ ഇതിനെ ഒരു കാര്യമാക്കുന്നു. എന്നാൽ ഇക്കാരണം, അവളെ ത്വലാഖ് ചെയ്യുവാൻ മതിയായ കാരണമല്ല. അവൻ ഇഷ്ടപ്പെടാത്ത കാര്യങ്ങൾ മാത്രം പരിഗണിച്ചാൽ പോരാ മറിച്ച് അവൻ ഇഷ്ടപ്പെടുന്ന അനേകം കാര്യങ്ങൾ അവളിലുണ്ട് അതും പരിഗണിക്കണം. അപ്പോൾ അവളിലുള്ള ഗുണങ്ങൾ ദോഷങ്ങളെക്കാൾ വലുതാണ് എന്ന് മനസ്സിലാകും. ഈ ദമ്പതികൾക്ക് കുട്ടികളുണ്ടെങ്കിൽ അവരുടെ സ്വഭാവത്തിൽ,ഇവരുടെ വേർപിരിയൽ കാര്യമായി കോട്ടം വരുത്തുന്നതാണ്. അവർ സാത്താന്റെ ഇരകളായി തീരാൻ എളുപ്പവുമാണ്.

**"നിങ്ങൾ അവരോട് നല്ല നിലയിൽ വർത്തിക്കുവിൻ ഇനി നിങ്ങൾ അവരെ വെറുക്കുന്നെങ്കിൽ (നിങ്ങൾ മനസ്സിലാക്കിയിരിക്കേണ്ടതാണ്) നിങ്ങൾ ഒരു വസ്തുവിനെ വെറുക്കുകയും അല്ലാഹു അതിൽ ധാരാളം നന്മ വച്ചിരിക്കുകയും ചെയ്തുവെന്ന് വരാം "** (4:20)

ഈ വചനം ഇസ്ലാമിലെ വൈവാഹിക നിലയുടെ ചട്ടക്കൂട് വ്യക്തമായി വിവരിക്കുന്നു. ഓരോ ഇണയ്ക്കും തന്റെ ഇണയോട് പരസ്പരം ചില ഉത്തരവാദിത്വങ്ങൾ ലീനമാക്കിയിരിക്കുന്നു. ഈ വചനം നമ്മെ മനസിലാക്കിയിരിക്കുന്ന മറ്റൊരു കാര്യം വൈവാഹിക ബന്ധത്തിന്റെ തുടർച്ച,സ്നേഹം മാത്രമായിരിക്കണം എന്നത് നീതികരിക്കാവുന്ന കാര്യവുമല്ല വിശ്വസ്തതയും ദയയും ദമ്പതിമാർ നിർബന്ധമായും പരിഗണിക്കേണ്ടകാര്യങ്ങളല്ലേ?

വിവാഹം എന്നത് ഏതു സമയത്തും പൊട്ടിച്ചുകളയാവുന്ന തലനാരിഴയാൽ നിർമ്മിച്ച ഒരു സ്ഥാപനമല്ല എന്ന് നാം അറിയണം.പെട്ടെന്നുള്ള ഒരു വഴക്ക് മൂലമോ അമിതാവേശത്താലോ അഥവാ താൽക്കാലിക വഴക്ക് കൊണ്ടോ അഥവാ ദമ്പതികളുടെ പരസ്പര ധാരണപിശകുകൊണ്ടോ അത് അവസാനിപ്പിക്കേണ്ടതല്ല. മറിച്ച് ഈ വൈവാഹിക ഉടമ്പടി മരണം വരെ ആദരിക്കു,കയും ബഹുമാനിക്കുകയും ചെയ്യേണ്ടതാണ്.

വൈവാഹിക ജീവിതം വേർപെടുത്താമെങ്കിലും,അതിന് വിവാഹമോചനത്തിന് അനുവാദം നല്കുന്നത് ജീവിതം അങ്ങേ അറ്റം ദുസ്സഹമാവുകയും ബന്ധങ്ങൾ ഒരു കാരണവശാലും തുടരുവാൻ സാധിക്കാതെ വരുമ്പോഴുമാണ്. ഒരു പരാതിയിലും ഭർത്താവ് അവന്റെ ഭാര്യയിൽ സംതൃപ്തനല്ല എന്ന വിഷയം വരരുത്. അവൻ അവളുടെ ഒരു ഗുണത്തിൽ സംതൃപ്തനല്ലെങ്കിൽ,മറ്റൊരു കാര്യത്തിൽ അവനെ അവൾ കൂടുതൽ സംതൃപ്തനാക്കാം,അതായത് ഒരു സ്ത്രീയും,സമ്പൂർണ്ണമായി മോശമല്ല. കുറഞ്ഞ അളവിലോ അല്ലെങ്കിൽ കൂടിയ അളവിലോ അവളിൽ നന്മ ഉണ്ടായിരിക്കും. വിവാഹമോചനം നിസ്സാര കാര്യങ്ങളാൽ നല്കാവുന്നതല്ല.കാരണം ആരും സമ്പൂർണ്ണരല്ല.

അഭിപ്രായ വ്യത്യാസത്തിന്റെ പേരിൽ, വൈവാഹിക മോചനം എന്ന ആശയമല്ല സ്വീകരിക്കേണ്ടത്, മറിച്ച് വൈവാഹിക ബന്ധത്തെ സംരക്ഷിക്കുവാനും അതിനെ ശക്തിപ്പെടുത്തുവാനുള്ള മാർഗ്ഗങ്ങളാണ് ആരായേണ്ടത് രഞ്ജിപ്പിലെത്തിച്ചേരുവാനുള്ള എല്ലാ വഴികളും നാം പരിഗണിക്കേണ്ടതാണ്. ഇസ്ലാം ഒരു വിശ്വാസിയുടെ മുമ്പിൽ പല വഴികളെ തുറന്നിടുന്നു.

1. തന്റെ ഭാര്യയെ ഉപദേശിക്കുക
2. മറ്റുള്ളവരുടെ ഉപദേശം ആരായുക.
3. ഒരു മദ്ധ്യസ്ഥനെ കണ്ട് എത്തുക.
4. അല്ലെങ്കിൽ ബന്ധപ്പെട്ട കുടുംബങ്ങളുടെ ഒരു സംഗമം സംഘടിപ്പിക്കുക

ഇസ്ലാം വളരെയധികം പ്രോത്സാഹിപ്പിക്കുന്ന വഴികളാണിവ. വിശുദ്ധഖുറാൻ (4 : 36) നോക്കുക

അഭിപ്രായ വ്യത്യാസ സന്ദർഭങ്ങളിൽ ഭർത്താവിനോട് അല്ലാഹു (ത) ഉപദേശിക്കുന്നത്. ഏറ്റവും ഉചിതമായ വഴി ആലോചനതന്നെയാണ് എന്നതാണ്.

<u>വിവാഹമോചന നടപടിക്കുമുമ്പ്</u>

ഭാര്യയും ഭർത്താവും അവരുടെ തർക്കങ്ങൾ മദ്ധ്യസ്ഥ സമിതിക്കു മുമ്പാകെ സമർപ്പിക്കേണ്ടതാണ്. എന്നു വിശുദ്ധഖുറാൻ ഊന്നി പറയുന്നു. എന്തെങ്കിലും ചെറിയ പ്രശ്നത്തിന്റെ പേരിൽ തങ്ങളുടെ മക്കളുടെ വിവാഹമോചനത്തിലേക്ക് തിരിയുന്ന നടപടികളാണ് ഇന്ന് മാതാപിതാക്കൾ സ്വീകരിക്കുന്നത്. അവർ ദൈവീക അധ്യാപനത്തെ പരിഗണിക്കുന്നില്ല. ഈ നടപടി ശരിയാണോ എന്നവർ ചിന്തിക്കേണ്ടാതാണ്. സ്ത്രീ ശുദ്ധിയുടെ കാലാത്തിലാണോ നിലകൊള്ളുന്നത് എന്നും പരിഗണിക്കാതെ, ഇസ്ലാമിക അധ്യാപനത്തിന് വിരുദ്ധമായി, വിവാഹമോചന പ്രഖ്യാപനം നടത്തുന്നു.

പ്രവാചകൻ (സ) യുടെ ജീവിത കാലത്ത് അബ്ദുല്ലാഹ് ഇബ്നു ഉമർ (റ) തന്റെ ഭാര്യയെ ആർത്തവസമയത്ത്, വിവാഹമോചനം നടത്തുകയുണ്ടായി. അദ്ദേഹത്തിന്റെ പിതാവായ ഉമർ (റ) ഇതു സംബന്ധമായി പ്രവാചകൻ (സ) യോടു ചോദിക്കുകയുണ്ടായി. അപ്പോൾ പ്രവാചകൻ (സ) മറുപടിയായി പറഞ്ഞു. അവനോട് കല്പിക്കുക (നിങ്ങളുടെ പുത്രനോട്) അവളെ തിരിച്ചെടുക്കുക, അങ്ങനെ അവൾ ശുദ്ധിയാകുന്നവരെ കാത്തിരിക്കുക. എന്നിട്ട് അവളുടെ അടുത്ത ആർത്തവകാലം വരെ കാത്തിരിക്കുക. എന്നിട്ട് അവൾ വീണ്ടും ശുദ്ധയാകട്ടെ, എന്നിട്ട് അവളെ കൂടെ നിർത്തുവാൻ അവൻ ആഗ്രഹിക്കുന്നുവെങ്കിൽ അങ്ങനെ ചെയ്യട്ടെ, ഇനി വിവാഹമോചനം നടത്തുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, ലൈംഗികബന്ധത്തിൽ ഏർപ്പെടുന്നതിന് മുൻപ്, വിവാഹമോചനം ചെയ്യാവുന്നതാണ്. വിവാഹമോചനത്തിന് അല്ലാഹു (ത) നിശ്ചയിച്ച കാലാവധി ഇപ്രകാരമാകുന്നു. (ബുഖാരി, മുസ്ലിം)

എന്നാൽ ഭർത്താവ് ദൈവീക നിയമങ്ങൾക്ക് എതിരാണെങ്കിൽ കുറ്റപ്പെടുത്തേണ്ടത് അവനെ മാത്രമാണ്. സ്ത്രീ ആർത്തവകാലത്തിലാണെങ്കിലും ഭർത്താവ് ത്വലാഖ് (വിവാഹമോചനം) ചെയ്താൽ ത്വലാഖ് നിലനിൽക്കുന്നതാണ്.

അല്ലാഹു (ത) അവന്റെ അനുകമ്പയാൽ ഭർത്താവിനെ നിർബന്ധിക്കുന്നു. വിവാഹമോചന സംബന്ധമായി അവനും അവന്റെ ഭാര്യയ്ക്കും ഒരു സമയം അനുവദിക്കുന്നു. പക്വമായും നിഷ്കളങ്കമായും ചിന്തിച്ച് അന്തിമ തീരുമാനത്തിൽ എത്തുവാൻ (അത്തരം സാഹചര്യത്തെ ഒരു രീതിയിലും അവഗണിക്കരുത്) ഒന്നാമത്തെ ത്വലാഖ് പ്രഖ്യാപനത്തിന് ശേഷം മൂന്ന് ആർത്തവകാലഘട്ട സമയം രഞ്ജിപ്പിലെത്തിച്ചേരുവാനുള്ള സമയമായി തുറന്നിട്ടിരിക്കുന്നു.

ഇസ്ലാമിക നിയമം അനേക അവസരങ്ങൾ നമുക്ക് നല്കുന്നുണ്ടെങ്കിലും അനേക ആളുകളും ഈ നിയമത്തെ സാധുകരിക്കുന്നില്ല. അവർ മൂന്ന് ത്വലാഖ് ഒരു മിച്ച് ചൊല്ലുന്ന നടപടിയുമായി മുന്നോട്ട് പോകുന്നു. അതായത് വിവാഹമോചന പ്രഖ്യാപനം മൂന്ന് തവണയായി നടത്തേണ്ടുന്നതിന് പകരം ഒറ്റ പ്രാവശ്യം കൊണ്ട് മൂന്നും ചൊല്ലി തിരിച്ചെടുക്കുവാൻ കഴിയാത്ത നിലയിലുള്ള പ്രഹരം ഏല്പിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്തിന്റെ മേൽ പഴിചാരുകയല്ലേ അവർ ചെയ്യുന്നത്?

നമ്മുടെ സമുദായത്തിൽ ദിനംതോറും വിവാഹ മോചനത്തിന്റെ എണ്ണം വർദ്ധിക്കുന്നു. എന്ന്ത് ആർക്കും നിഷേധിക്കുവാനോ മറച്ചു വയ്ക്കുവാനോ സാധ്യമല്ല. കുടുംബ ബന്ധങ്ങൾ, ഇന്ന് പൊട്ടിത്തെറിച്ചു കൊണ്ടിരിക്കുകയാണ്. വിവാഹബന്ധം അവസാനിപ്പിക്കുവാൻ ത്വലാഖ്, ത്വലാഖ്, ത്വലാഖ് എന്ന് മൂന്ന് നിസ്സാരവാക്കുകളുടെ ആവർത്തന പ്രഖ്യാപനത്തിലൂടെ അവസാനിക്കുകയാണ്. ത്വലാഖ് എന്ന വാക്ക് ഇന്ന് ഒരു വിനോദമായി തീർന്നിരിക്കുന്നു.

അനേകം ഭർത്താക്കന്മാരുടെ നാവുകളിലെ ഒരു കളിവാക്കായി തീർന്നിരിക്കുന്നു. അവരുടെ വിവാഹം അവസാനിപ്പിക്കുവാൻ 3 പ്രാവശ്യം ത്വലാഖ് പറഞ്ഞാൽ മതി എന്ന് അല്ലാഹു അവരോട് കല്പിച്ചിരുന്നുവെങ്കിൽ അതിനേക്കാൾ കൂടുതൽ പറയുന്നവർ അവരിലുണ്ടാകുമായിരുന്നു.അത്ഭുതം മതത്തിന്റെ ഈ നൂതനപ്രക്രീയ അവർ ആവിഷ്കരിച്ച ശേഷം അവർ പെട്ടന്ന് തന്നെ രഞ്ജിപ്പിന്റെ വഴിയും അവർ തെരഞ്ഞെടുക്കും. നമുക്ക് നമ്മോട് തന്നെ ഒരു ചോദ്യം ചോദിക്കാം. ത്വലാഖ് എന്ന വാക്കിന്റെ അർത്ഥത്തെ കുറിച്ച് നാം ചിന്തിച്ചിട്ടുണ്ടോ? അത് നിഷ്കർഷിക്കുന്ന കാര്യങ്ങളെകുറിച്ച് ചിന്തിച്ചിട്ടുണ്ടോ? അതിലെ വ്യവസ്ഥകളെകുറിച്ച് ചിന്തിച്ചിട്ടുണ്ടോ? ഇതിനെല്ലാം ഉപരിയായി അതിന്റെ അനന്തരഫലത്തെകുറിച്ച് ചിന്തിച്ചിട്ടുണ്ടോ? ലഭ്യമായിട്ടുള്ള തെളിവുകളിലൂടെ മനസ്സിലാകുന്നത് മിക്കവാറും ത്വലാഖ് ചൊല്ലുന്നത്  നൈമിഷിക കോപത്തിലുണ്ടാകുന്ന് വിഡ്ഢിത്വത്താലോ തർക്ക വിതർക്കങ്ങളുടെ ഫലമായിട്ടോ ആകുന്നു. അത് മനുഷ്യ മനസ്സുകളെ ശങ്കിപ്പിക്കുന്നതിലോ, അഥവാ അന്ധമായ ശാരീരിക ഇച്ഛകളാലോ സംഭവിക്കുന്നതാകുന്നു.

തീർച്ചയായും ജമാഅത്തുസ്സഹീഹിൽ ഇസ്ലാമും ഈ വീനിത ദൈവ ദൂതനും അതിശക്തമായി അപലപിക്കുകയാണ്. ഒരേ ശ്വാസത്തിൽ ഒരേ സമയം നടക്കുന്ന 3 ത്വാലഖ് നടപടിയെ! അത് നേരിട്ട് വാക്കുകളാൽ ത്വലാഖ്, ത്വലാഖ്, ത്വലാഖ് ആകട്ടെ അഥവാ ഈമെയിൽ വഴിയോ എസ്.എം.എസ്. വഴിയോ ആകട്ടെ, അഥവാ മറ്റേതെങ്കിലും വഴിയിലൂടെയോ ആകട്ടെ! ഈ നടപടികൾ ഒന്നും ഖുർ ആനിക അദ്ധ്യാപനമായ 3 ആർത്തവകാലം മാനിക്കാത്ത തീരുമാനങ്ങൾ ആണ്.

**ഇദ്ദ ആചരിക്കൽ** അല്ലാഹു (ത) കല്പിച്ചത് ഒരു വിസ്മൃത കാര്യമായി തീർന്നിരിക്കുന്നു. പെട്ടന്ന് തന്നെ വിവാഹജീവിതം അവസാനിപ്പിക്കുവാനുള്ള പൂർണ്ണ സന്നദ്ധത പകരം കൊണ്ടു വന്നു. അല്ലാഹു (ത) യിലും അവന്റെ അനുഗ്രഹീത ഗ്രന്ഥത്തിലും വിശ്വസിക്കുന്നവർ അവന്റെ ഈ വചനത്തിൽ പറയുന്നതിനെ സംബന്ധിച്ച് ആഴത്തിൽ ചിന്തിക്കേണ്ടതാണ്. അല്ലാഹു (ത) പറയുന്നു (വിശുദ്ധ ഖുറാൻ) 65 : 2 നോക്കുക

ശരീ അത്ത് (ഇസ്ലാമിക നിയമം) അംഗീകരിക്കുന്നതും അനുവദിക്കുന്നതും ഒരു ത്വലാഖ് മാത്രമാണെന്നരിക്കെ ഒരു മുന്നറിയിപ്പ് എന്ന നിലയിൽ ഭാര്യക്കും ഭർത്താവിനുമിടയിൽ അത് പ്രവർത്തിക്കുന്നു. തിരിച്ചെടുക്കുവാൻ കഴിയാത്ത വിവാഹ മോചനവുമായി സ്ഥിരമായി അവർ അതിൽ എടുത്തു ചാടാതിരിക്കുവാനുള്ള മുൻകരുതൽ സ്വീകരിക്കുന്നു. ഒരൊറ്റ വാക്കിനാൽ അനുരഞ്ജനത്തിന്റെ വാതിൽ കൊട്ടി അടയ്ക്കുന്നത് നീതികരിക്കാവതല്ല. അത്തരം ത്വലാഖ് അല്ലാഹു (ത) നമുക്ക് നല്കിയിരക്കുന്നത് പ്രയാസരഹിതമായി അതിനെ ഉപയോഗപ്പെടുത്തുവനാണ് - ദീർഘമേറിയ ഒരു സമയം - അനുവദിക്കപ്പെടുന്നു - അത് ദമ്പതികളുടെ നന്മയ്ക്കും നേട്ടത്തിനും വേണ്ടിയാകുന്നു.

മനസ്സിലാക്കേണ്ട മറ്റൊരു കാര്യം ഭർത്താവ് ഒന്നോ രണ്ടോ ത്വലാഖ് നല്കി മൂന്നാമത്തെ ത്വലാഖ് ചൊല്ലുന്നതിന് മുമ്പ് മൂന്ന് ആർത്തവകാലം കഴിഞ്ഞ് പോയെന്നിരിക്കട്ടെ, എന്നാൽ അവരുടെ വിവാഹ ബന്ധം വേർപെട്ടു കഴിഞ്ഞു. എന്നാൽ അവർ ഇരുവരും രഞ്ജിപ്പിൽ എത്തിച്ചേരുവാൻ സമ്മതിക്കുകയാണെങ്കിൽ (മൂന്ന് ആർത്തവകാലത്തിനു ശേഷം) എന്നിട്ട് വീണ്ടും ഒന്നിച്ച് തീരുമാനിച്ചാൽ അവർക്ക് അത് ചെയ്യുവാനുള്ള അവകാശം ഉണ്ട്. എന്നാൽ അവരുടെ നിക്കാഹ് പുതുക്കേണ്ടതുണ്ട്. അതായത് അത്തരം വിവാഹം ഭാര്യയും ഭർത്താവിനുമിടയിലുള്ള ഒരു ആഭ്യന്തരവിഷയമാണ്. അത്തരം സാഹചര്യത്തിൽ ഭർത്താവ് ഒരിക്കൽ കൂടി വൈവാഹിക പ്രഖ്യാപനം നടത്തേണ്ടതാണ്. ഭാര്യയുമായി ബന്ധപ്പെടുന്നതിന് മുൻപ്!

(അത്തരം വിവാഹങ്ങൾക്ക് മറ്റാരെയും ക്ഷണിക്കേണ്ടതില്ല. വലീമയുടെ ആവശ്യവുമില്ല ഭാര്യ ഹലാലാ അവസ്ഥയിലൂടെ പോകേണ്ടുമില്ല. (കാരണം മൂന്നാമത്തെ ത്വലാഖ് ചൊല്ലിയിട്ടില്ലത്തതാനാൽ) എന്നാൽ ഒരിക്കൽ മൂന്ന് ത്വലാഖ് നൽകി കഴിഞ്ഞാൽ പീന്നിട് ഉടനെ തന്നെ അവളെ ഭാര്യയായി സ്വീകരിക്കുവാൻ അയാൾക്കൊരവകാശവുമില്ല, പീന്നിട് ഉടനെ തന്നെ അവളെ ഭാര്യയായി സ്വീകരിക്കണമെങ്കിൽ അവർ ഹലാലസ്റ്റേജിലൂടെ കടന്നുപോകേണ്ടതുണ്ട്. (അതായത് മറ്റൊരു പുരുഷനുമായി അവൾ വിവാഹിതയായ ശേഷം എന്നിട്ട് രണ്ടാമത്തെ വിവാഹജീവിതം പൂർണ്ണവസ്ഥയിൽ എത്തിയശേഷം വിവാഹമോചനം ഉണ്ടാകുകയും ചെയ്താൽ) ആദ്യ ഭർത്താവ് വേണമെങ്കിൽ വിവാഹം ചെയ്യുവാനുള്ള ഹലാല അവസ്ഥയിലായി എന്ന് സാരം!)

ഖുർ ആനും സുന്നത്തും നമ്മെ പഠിപ്പിക്കുന്നത്, വിവാഹമോചനത്തിന് ധൃതികൂട്ടരുത് എന്നാണ് അല്ലാഹു (ത) നിങ്ങൾക്ക് അനുവദിച്ചു തന്ന സമയം എടുക്കുക. ഖേദത്തിന്റെയും നിരാശയുടെയും വാതിൽ തുറക്കരുത്. സാത്താന്റെ പിടിയിൽ നിങ്ങളമരരുത്. കുടുംബങ്ങൾ തകർക്കുവാനുള്ള വഴികൾ അവൻ തുറന്നിടുകയാണ് ചെയ്യുന്നത്. താഴെപറയുന്ന കാര്യങ്ങളെകുറിച്ച് ചിന്തിക്കുക.

1. വൈവാഹിക ജീവിതം അവസാനിപ്പിക്കുവാൻ ധൃതിപിടിച്ച് തീരുമാനം കൈകൊള്ളരുത്
2. ഒരു നിമിഷത്തെ കോപത്തിനിടമപ്പെട്ട് ത്വലാഖ് പ്രഖ്യാപിക്കരുത്.
3. തർക്കങ്ങളും വഴക്കുകളും ഉപേക്ഷിക്കുക
4. സ്ത്രീകളുടെ ദൗർബല്യം മനസ്സിലാക്കുവാൻ ശ്രമിക്കുക
5. ഇസ്ലാം നമുക്ക് കാണിച്ചുതന്ന സഹനത കൈക്കൊള്ളുക.
6. നിങ്ങൾ നല്ലവനാണ് എന്ന് തെളിയിക്കുവാൻ നിങ്ങൾ ഏറ്റവും നല്ല നിലയിൽ പെരുമാറുക.
7. നിങ്ങളുടെ ഭാര്യയുടെ പ്രകോപനങ്ങളിൽ വൈകാരികമായി നിങ്ങൾ പ്രതികരിക്കാതിരിക്കുക.

ഈ പ്രവാചക വചനം കൂടി സ്മരിക്കുക. അബൂസൈദുൽ ഖുദ്രിയ്യ് (റ) റിപ്പോർട്ട് ചെയ്തിരിക്കുന്നു പ്രവാചകൻ (സ) പറഞ്ഞു സ്ത്രീകളോട് നിങ്ങൾ ദയാപുരസ്സരം പെരുമാറുക. കാരണം അവർ വാരിയെല്ലിനാൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു.വാരിയെല്ലിന്റെ ഏറ്റവും വളഞ്ഞ ഭാഗം അതിന്റെ മുകൾ ഭാഗമാണ്. അത് നേരെയാക്കുവാൻ നിങ്ങൾ ശ്രമിക്കുകയാണെങ്കിൽ അത് പൊട്ടിപോകും. നിങ്ങൾ അതിനെ അതിന്റെ വഴിക്ക് വിടുക,അത് വളഞ്ഞ തന്നെയിരിക്കട്ടെ അതുകൊണ്ട് നിങ്ങൾ അവരോട് (സ്ത്രീകളോട്) ദയാപുരസ്സരം പെരുമാറുക.(ബുഖാരി)

വിവാഹമോചനം സംബന്ധമായി ഖർആന്റെ നിർദ്ദേശങ്ങൾ ഗ്രഹിക്കുമ്പോൾ ഓരോ പുരുഷനും സ്ത്രീയ്ക്കും അല്ലാഹു സഹായം ചെയ്യട്ടെ. അത് മുറുകെ പിടിക്കുക! തെറ്റുകളും കുറവുകളും സംഭവിക്കാതിരിക്കുവാൻ അതിലെ ഓരോ അനീതിയും അല്ലാഹുവിന്റെ സിംഹാസനത്തെ പിടിച്ചുകുലുക്കുന്നതാണ്. ആയതിനാൽ അല്ലയോ പുരുഷന്മാരെ!സ്ത്രീകളെ!അല്ലാഹുവിനെ ഭയപ്പെടുക! ദൈവിക ഇച്ഛകൾ പ്രകാരം നിങ്ങളുടെ ഉടമ്പടികൾ മാനിക്കുക ഇൻശാ അല്ലാഹ്!ആമീൻ

**Translated by**
**R. Jamaludin Raother**
**Amir Jamaat - ul - sahih-al- Islam**
**South Zone, Kerala,**
**Ph : 9447001832, 0475-2220223**
**E-mail : jamal.raother@gmail.com**
**Web : www.jamaat-ul-sahih-al-islam**